**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 403**
**03-03-2020 ലെ മറുപടിയ്ക്ക്**

## എൻ.പി.എസ്

**ചോദ്യം :**
**ശ്രീ.ടി.ജെ. വിനോദ്**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | സംസ്ഥാനത്ത് എൻ.പി.എസ് (നാഷണൽ പെൻഷൻ സിസ്റ്റം) എന്നാണ് നിലവിൽ വന്നത്; എൻ.പി.എസ് ന്റെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; | സംസ്ഥാന സർക്കാരിന്റെ 07.01.2013-ലെ സ.ഉ (പി) നം. 20/2013/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെയും പി.എഫ്.ആർ.ഡി.എ-യുടേയും നിർദ്ദേശങ്ങൾക്ക് വിധേയമായി ധനകാര്യ വകുപ്പാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെയും മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്. |
| ബി | 31.12.2019 വരെ ഈ സ്കീമിൽ എത്രപേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ അംഗത്തിൽ നിന്നും പെൻഷൻ വിഹിതമായി എത്ര ശതമാനം തുകയാണ് ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതെന്ന് വിശദമാക്കാമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2019 ഡിസംബർ 31 വരെ, 1,11,641 സർക്കാർ ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ജീവനക്കാരന്റെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10 % ആണ് പ്രതിമാസം പെൻഷൻ വിഹിതമായി ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നത്. |

<table>
<tr><td>സി</td><td>പെൻഷൻ വിഹിതമായി ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ടോ; എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് ഏതാണ്;</td><td rowspan="3">ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന പെൻഷൻ വിഹിതവും തത്തുല്യ സർക്കാർ വിഹിതവും 8342-00-117-96, 8342-00-117-94 എന്നീ സസ്പെൻസ് ഹെഡുകളിൽ താല്ക്കാലികമായി അടവാക്കുകയും തൊട്ടടുത്ത പ്രവർത്തി ദിവസം പ്രസ്തുത തുക ഏജൻസി ബാങ്ക് മുഖേന പെൻഷൻ ഫണ്ട് മാനേജർമാർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്.</td></tr>
<tr><td>ഡി</td><td>ജീവനക്കാരുടെ വിഹിതത്തോടൊപ്പം ഓരോ ജീവനക്കാരുടേയും പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സർക്കാർ വിഹിതം എത്ര ശതമാനമാണ്; ഹെഡ് ഓഫ് അക്കൗണ്ട് വെളിപ്പെടുത്തുമോ; ഇത് ഏതു തീയതി വരെയുള്ള വിഹിതം നിക്ഷേപിച്ചുവെന്ന് അറിയിക്കാമോ;</td></tr>
<tr><td>ഇ</td><td>ഈ അക്കൗണ്ട് ഹെഡുകളിൽ എത്ര രൂപാ ബാക്കിയിരിപ്പുണ്ട്; ഇത് എൻ.പി.എസ് വിഭാവനം ചെയ്യുംപോലെ ഷെയർ മാർക്കറ്റിൽ നിക്ഷേപിച്ച് ജീവനക്കാർക്ക് ഗുണകരമാകുന്ന വിധത്തിൽ മാർക്കറ്റിംഗ് തന്ത്രം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അത് എങ്ങനെയെന്ന് വെളിപ്പെടുത്തുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**